CAREERINDIA

**SET – 4**

**Series : HRK/C**

**Code No. 12**

**Roll No.** | | | | | | | |

Candidates must write the Code on the title page of the answer-book.

- Please check that this question paper contains **7** printed pages.
- Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains **7** questions.
- **Please write down the Serial Number of the question before attempting it.**
- 15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

**SUMMATIVE ASSESSMENT – II**

# മലയാളം

# MALAYALAM

*അനുവദിച്ച സമയം : 3 മണിക്കൂർ* — *ആകെ മാർക്ക് : 90*

*Time allowed : 3 hours* — *Maximum Marks : 90*

The Question Paper is divided into four sections :

| | |
|---|---|
| Section A : Reading Comprehension | 10 marks |
| Section B : Writing | 14 marks |
| Section C : Grammar | 18 marks |
| Section D : Literature | 48 marks |

www.careerindia

CAREERINDIA

## എ – വിഭാഗം

1. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ലോകത്തിന്റെ പല ഭാഗങ്ങളിലും അപ്രതീക്ഷിതമായ ജലക്ഷാമവും കടുത്ത വരൾച്ചയും നേരിടുകയാണ്. ലോകത്തിലെ ആകെ ജലത്തിന്റെ 97 ശതമാനവും കടൽവെള്ളത്തിന്റെ രൂപത്തിലാണ് സംഭരിക്കപ്പെട്ടിരിക്കുന്നത്. ഗാർഹിക, കാർഷിക ആവശ്യങ്ങൾക്ക് കടൽവെള്ളം ഫലപ്രദമായി വിനിയോഗിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ഗാർഹിക ആവശ്യങ്ങൾക്കായി റിവേഴ്സ് ഓസ്മോസിസ് പ്രക്രിയയിലൂടെ കടൽവെള്ളത്തെ ശുദ്ധീകരിക്കാനാകും. വരണ്ട പ്രദേശങ്ങളിൽ ഉപ്പുവെള്ളം ശുദ്ധീകരിക്കാൻ സോളാർ ഡീഹൈഡ്രേഷൻ എന്ന മാർഗ്ഗം ഉപയോഗപ്പെടുത്താം. കടൽജലത്തിന്റെ സ്വഭാവത്തിനിണങ്ങുന്ന കൃഷിയിനങ്ങൾ തെരഞ്ഞെടുത്ത് കാർഷിക മേഖലയിൽ കടൽ ജലം ഉപയോഗപ്പെടുത്താം. ഇത്തരത്തിൽ തമിഴ്നാട്ടിലെ വേദാരണ്യത്ത് ജനറ്റിക് ഗാർഡൻ ഓഫ് ഹാലോഫൈറ്റ്സ് സ്ഥാപിച്ചിട്ടുണ്ട്. സാമ്പത്തിക ലാഭം നേടിത്തരുന്ന സാലികോർണിയ എന്നയിനം കണ്ടലാണ് ഇവിടെ നട്ടുപിടിപ്പിച്ചിട്ടുള്ളത്. സാമ്പത്തിക ലാഭത്തിനു പുറമേ ഇവ ഭക്ഷ്യയോഗ്യവും ഇന്ധനമായി ഉപയോഗപ്പെടുത്താവുന്നവയുമാണ്. കടൽ പ്രദേശങ്ങളിൽ തെങ്ങും കശുമാവും കൃഷി ചെയ്യാം. ഇത്തരത്തിൽ കടൽവെള്ളത്തെ ആഹാരത്തിന്റെയും തൊഴിലിന്റെയും വരുമാനത്തിന്റെയും വലിയ സ്രോതസ്സായി മാറ്റാനാകും. ഇന്ത്യയിലും ലോകത്തിന്റെ മറ്റു ഭാഗങ്ങളിലും രൂക്ഷമായിക്കൊണ്ടിരിക്കുന്ന ജലക്ഷാമം കടൽ ജലം ഉപയോഗിയ്ക്കപ്പെടുന്നതിനെപ്പറ്റിയുള്ള കൂടുതൽ ഗവേഷണങ്ങൾക്ക് കാരണമാകാം.

(i) കടൽ ജലം ഫലപ്രദമായി വിനിയോഗിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് വിരൽ ചൂണ്ടുന്ന വസ്തുതകൾ എന്തെല്ലാം ? **2**

(ii) കടൽവെള്ളത്തെ ശുദ്ധീകരിക്കാനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാം ? **2**

(iii) കടൽവെള്ളത്തെ ആഹാരത്തിന്റെയും തൊഴിലിന്റെയും വരുമാനത്തിന്റെയും സ്രോതസ്സായി മാറ്റാൻ എങ്ങനെ സാധിയ്ക്കും ? **2**

(iv) ജനറ്റിക് ഗാർഡൻ ഓഫ് ഹാലോഫൈറ്റ്സ് സ്ഥാപിച്ചിരിയ്ക്കുന്നത് എവിടെയാണ്? അവിടെ കൃഷി ചെയ്യുന്നത് എന്ത്? **2**

(v) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നല്കുക. **2**



www.careerindia.com

CAREERINDIA

## ബി – വിഭാഗം

2. (a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് **രണ്ടു പുറത്തിൽ** കവിയാതെ ഉപന്യസിക്കുക. **7**

(i) മാനവ സാഹോദര്യം ഇതിന്റെ ആവശ്യം.

(ii) കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം.

(iii) പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത.

(b) വിദ്യാലയ പരിസരങ്ങളിൽ ലഹരി വില്പന വർദ്ധിച്ചു വരുന്നതിന് അപലപിച്ചു-കൊണ്ട് എക്സൈസ് കമ്മീഷണർക്ക് കത്ത് തയ്യാറാക്കുക. **7**

## സി – വിഭാഗം

3. (a) പ്രയോഗം മാറ്റുക. **2 × 1 = 2**

(i) ഞാൻ ആദ്യമായിട്ടാണ് ഒരു കത്തെഴുതുന്നത്.

(ii) അവൾ ഇനിയും പുറത്തേക്ക് വരാതിരിയ്ക്കുന്ന രമണിയെ അന്വേഷിക്കുക-യായിരുന്നു.

(b) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക. **1**

അയാളുടെ ഒരൊറ്റ നിസ്സംഗമായ നോട്ടം കൊണ്ട് ആ പ്രതീക്ഷയെല്ലാം എന്നിൽനിന്ന് വാർന്നൊഴുകിപ്പോയി.

(c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. **1**

അവൾ അല്പസ്വല്പം ലജ്ജയോടെ അയാളെ നോക്കി.

(d) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക. **2 × 1 = 2**

(i) ഗ്രാമത്തിൽ

(ii) വിശപ്പടക്കുക

www.careerindia.com

CAREERINDIA

(e) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക. 2 × 1 = 2

(i) കവുങ്ങു തെങ്ങുകൾ

(ii) ദയാപൂർവ്വം

4. ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരം എടുത്തെഴുതുക.

(a) പര്യായപദങ്ങൾ എഴുതുക. 2 × 1 = 2

(i) ആട് [ഗജം, അജം, മേഷം, ഈർഷ]

(ii) ശരം [വസ്ത്രം, അസ്ത്രം, അമ്പ്, വമ്പ്]

(b) വിപരീതപദം എഴുതുക. 2 × 1 = 2

(i) ഭൂതം [വർത്തമാനം, നാളെ, ഇന്ന്, ഭാവി]

(ii) അധികം [ധാരാളം, ന്യൂനം, സൂനം, വിരളം]

(c) നാനാർത്ഥ പദമെഴുതുക. 2 × 1 = 2

(i) വട്ടം [വലിയ, വൃത്തം, വിരളം, തവണ]

(ii) ഒപ്പം [സമയം, സമം, കൂടെ, കരുതൽ]

(d) അർത്ഥ വ്യത്യാസം എഴുതുക. 2 × 1 = 2

(i) സന്ദേഹം – സന്ദേശം

[സംശയം, കാര്യം, അറിയിപ്പ്, വ്യത്യാസം]

(ii) ഖേദം – മോദം

[ആശയം, സന്തോഷം, ലീല, സങ്കടം]

(e) എതിർലിംഗ പദം എഴുതുക. 2 × 1 = 2

(i) പക്ഷി [പക്ഷിണി, പക്ഷികി, പക്ഷം, പക്ഷിതി]

(ii) സുന്ദരി [സുന്ദരം, അസുന്ദര, സുന്ദരൻ, വിരൂപ]

www.careerindia.com

CAREERINDIA

## ഡി – വിഭാഗം

5. ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം എടുത്തെഴുതുക. **8 × ½ = 4**

(a) ആസാം പണിക്കാർ പിറന്ന നാടിനെ സ്മരിച്ചതെപ്പോൾ ?

[ഒരൊറ്റത്തെങ്ങു കണ്ടപ്പോൾ, നഗരങ്ങൾ കണ്ടപ്പോൾ, പുഞ്ചിരി പൊഴിയ്ക്കുന്ന വീടുകൾ കണ്ടപ്പോൾ, കൊക്കുപറക്കും പാടങ്ങൾ കണ്ടപ്പോൾ]

(b) താനും അർബാബും കുറെ ആടുകളും മാത്രമുള്ള ലോകത്തിനെ എന്തായാണ് നജീബ് വിശേഷിപ്പിയ്ക്കുന്നത് ?

[തറവാട്, സ്വന്തം വീട്, അന്യഗ്രഹം, സ്വപ്നഗൃഹം]

(c) ഇ. ഹരികുമാറിന് കേരള സാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത കൃതി ഏത്?

[കൊച്ചമ്പ്രാട്ടി, നഗരവാസിയായ ഒരു കുട്ടി, കുങ്കുമം വിതറിയ വഴികൾ, ദിനോസറിന്റെ കുട്ടി]

(d) വൈലോപ്പിള്ളി ശ്രീധരമേനോന്റെ ആത്മകഥ ഏത്?

[അന്തിചായുന്നു, ശ്രീരേഖ, മിന്നാമിന്നി, കാവ്യലോകസ്മരണകൾ]

(e) എന്താണ് കവി മുക്തകണ്ഠം ഘോഷിച്ചത്?

[മുക്കുറ്റിപ്പൂവിന്നഞ്ചിതളാണ്, ഏകാന്ത നിദ്രാണത്വം മതിയായി, ഗ്രാമ ജീവിതം വിരസമാണ്, നിലപ്പനപ്പൂവിനാറിതളാണ്]

(f) "ഇന്ന് താനും അവളുടെ പ്രതീക്ഷകളെ തട്ടിമാറ്റി." ആരുടെ പ്രതീക്ഷകളാണ് തട്ടിമാറ്റിയത്?

[റാണിയുടെ, രമണിയുടെ, പാവപ്പെട്ട കുടുംബത്തിന്റെ, പൂച്ചക്കുട്ടിയുടെ]

(g) ദുര്യോധനന്റെ പുത്രനാരാണ്?

[അഭിമന്യു, ലക്ഷണൻ, ലക്ഷ്മണൻ, ഘടോൽക്കചൻ]

(h) താഴെ കൊടുത്തിരിക്കുന്നതിൽ അക്കിത്തത്തിന് ലഭിയ്ക്കാത്ത പുരസ്കാരം ഏത്?

[എഴുത്തച്ഛൻ പുരസ്ക്കാരം, വള്ളത്തോൾ പുരസ്ക്കാരം, കേരള സാഹിത്യ അക്കാദമി അവാർഡ്, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്]

www.careerindia.com

CAREERINDIA

6. (a) ഉത്തരം എഴുതുക. **4 × 4 = 16**

(i) 'എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ' എന്ന കഥാശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.

(ii) നജീബിന്റെ മരുജീവിതത്തിലെ ദുരിതപ്പാടുകൾ വിവരിക്കുക.

(iii) 'എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ' എന്ന കഥയിലെ രമണിയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

(iv) "ലോകത്തൊരാളും ഒരപരിചിതനെ ഇത്രയധികം ശപിച്ചു കാണില്ല." ആര് ആരെയാണ് ശപിച്ചത് ? ശപിയ്ക്കാനുണ്ടായ സന്ദർഭം വിവരിക്കുക.

(b) ഉത്തരം എഴുതുക. **4 × 4 = 16**

(i) "യുദ്ധങ്ങൾ അവസാനിക്കുന്നത് മാതൃവിലാപങ്ങളിലാണ്." ഈ അഭിപ്രായം ഗാന്ധാരി വിലാപം എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിലയിരുത്തുക.

(ii) ആസ്സാം പണിക്കാർക്കു ജന്മനാടിനോടുള്ള സ്നേഹാദരങ്ങൾ എത്രമാത്രമാണെന്ന് പാഠഭാഗത്തെ ആസ്പദമാക്കി വിലയിരുത്തുക.

(iii) "പട്ടണമോടിക്കിതച്ചെന്റെ വാതിലിൽ മുട്ടി" "സുപ്രഭാതത്തോടൊപ്പം ജീപ്പിൽ വന്നിറങ്ങുന്ന നഗരം" ഈ പദപ്രയോഗങ്ങളുടെ സാങ്ഗത്യം പരിശോധിക്കുക.

(iv) പടക്കളത്തിൽ വീണുകിടക്കുന്ന കർണ്ണനെ നോക്കി ഗാന്ധാരി വിലപിക്കുന്നതെപ്രകാരം ?

www.careerindia.com

CAREERINDIA

7. ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. **6 × 2 = 12**

(i) മറ്റ് ജീവജാലങ്ങളോട് ചട്ടമ്പിസ്വാമികൾക്കുള്ള സമീപനം എങ്ങനെ ആയിരുന്നു എന്ന് വിവരിക്കുക.

(ii) ചട്ടമ്പിസ്വാമികളുടെ ജീവിത സന്ദേശമെന്ത് ?

(iii) ചട്ടമ്പിസ്വാമികളുടെ സമാധി എപ്രകാരമായിരുന്നു ?

www.careerindia.com

www.careerindia.com

12 8